
# തെന്നൽ



## സെന്റ്.സേവ്യേഴ്സ് ഹയർസെക്കണ്ടറി സ്കൂൾ
## ചെമ്മണ്ണാർ
## 2018-19

# സ്വാഗതം





***SXHSS CHEMMANNAR***

## എഡിറ്റോറിയൽ ബോർഡ്

- ജോസഫ് കെ ജെയിംസ്
- സാന്ദ്ര മാത്യൂ
- ജോയൽ ജോസഫ് ബിജു
- ഫ്രെഡി ബിനു
- ശ്രദ്ധ മരിയ സജി
- അമല അന്ന സജി
- ആദർശ് സാബു
- സൂര്യനന്ദ സാബു
- ആൽഫിയ വിൻസന്റ്

*Coverpage designed by*



Sandra Mathew

# *എഡിറ്റോറിയൽ*



*ലോകം തിരിച്ചറിയാതെ പോയ  എത്രയോ പ്രതിഭകൾ ...... ആ നഷ്ടം അവരിൽ മാത്രം ഒതുങ്ങുന്നതല്ല. അത് സൻമനസുകളുടെയും ലോകത്തിന്റെയും നഷ്ടമാണ്. അതുകൊണ്ട് തന്നെ വിദ്യാലയ അന്തരീക്ഷത്തിൽ നാളെയുടെ പ്രതിഭകൾക്ക് നൽകുന്ന അവസരമാണ് ഈ മാസിക. മണ്ണിനെയും  വിണ്ണിനെയും പൂക്കളെയും പൂമ്പാറ്റകളെയും സ്നേഹിക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ കുഞ്ഞാറ്റകൾ അണിയിച്ചൊരുക്കിയ* ***"തെന്നൽ"*** *സാഹിത്യലോകത്തിന് ഒരു മുതൽക്കൂട്ടാണ്.*


*സാഹിത്യമനസിന്റെ വാതായനങ്ങൾ നമുക്ക് മലർക്കെ തുറക്കാം. ജാലകപ്പഴുതിലൂടെ എത്തിനോക്കുന്ന ഉദയാർക്കനെയും അസ്തമയത്തിൽ ചേക്കേറാൻ വെമ്പുന്ന കുഞ്ഞിക്കിളികളെയും നീലാകാശത്ത് മിന്നിമിന്നി തെളിയുന്ന നക്ഷത്രങ്ങളെയും നമുക്ക് ചങ്ങാതിമാരാക്കാം. ജീവിതമാകുന്ന പുസ്തകത്താളുകളിൽ സുവർണ ലിപികളാൽ സാഹിത്യ രചനകൾ നമുക്ക് എഴുതിച്ചേർക്കാം. നാളെയുടെ വാഗ്ദാനങ്ങളായ എന്റെ എല്ലാ സുഹൃത്തുകൾക്കും ആശംസകളോടെ .........*

ജോസഫ് കെ ജയിംസ്

എഡിറ്റർ

# സമർപ്പണം

അതിരറ്റ ആനന്ദത്തോടെയാണ് ഞങ്ങൾ ഈ പ്രവർത്തനം പൂർത്തിയാക്കുന്നത്. ആത്മാവിന്റെ അന്തരാളങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന് ശക്തമായ വികാരങ്ങളുടെ അനർഗള പ്രവാഹമാണ് സാഹിത്യ രചനകൾ ഈ രചനകൾ സമൂഹത്തിന് മുമ്പിൽ എത്തിക്കാൻ ഞങ്ങൾക്ക് അനേകം



അവസരങ്ങൾ ലഭ്യമാകുന്നു. എന്നാൽ മനസ്സിന്റെ ഉള്ളിൽ ഉറങ്ങികിടക്കുന്ന സാഹിത്യ മൊട്ടുകളെ വിരിയിക്കുവാൻ ആഗ്രഹമുണ്ടെങ്കിലും വിദ്യാലത്തിന്റെ പടവുകൾ കയറാൻ സാധിക്കാതെ ബാലവേലയുടെ ലോകത്ത് ജീവിക്കുന്ന് കുരുന്നുകൾ അനേകമാണ് അവർക്കായി ഞങ്ങൾ ഈ ചെറുസമാഹാരങ്ങൾ സമർപ്പിക്കുന്നു......

ലിറ്റിൽ കൈറ്റ്സ്
എസ്.എക്സ്.എച്ച്.എസ്.എസ്
ചെമ്മണ്ണാർ

# സ്കൂൾ മാനേജർ



**റവ.ഫാ.ടോമി ലൂക്ക ആനിക്കുഴിക്കാട്ടിൽ**

ഹെഡ്മാസ്റ്റർ



ആശംസ

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന വിവരവിനിമയ സാങ്കേതികവിദ്യയുടെ വിസ്മയലോകത്തേക്കും അതിസധിഷ്ഠിതമായ പഠനാനുഭവങ്ങളിലേക്കും കുട്ടികളെ കൈപിടിച്ചുയർത്താൻ പൊതു വിദ്യാഭ്യാസ വകുപ്പ് ഹൈടെക്ക് വിദ്യാലങ്ങളിലെ കുട്ടികൾക്കായി ഒരുക്കിയിരിക്കുന്ന ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റസ് സംഘങ്ങൾ തയ്യാറാക്കുന്ന തെന്നൽ എന്ന മാഗസിന് എല്ലാ ആശംസകളും നേരുന്നു.വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങളും ഉപകരണങ്ങളും പരിജയപ്പെടുകയും അതിലൂടെ സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള നൈപുണികൾ പരിജയപ്പെടുന്നതിനും ഈ പരിശീലനപദ്ധതിയുടെ കുട്ടികളായ നിങ്ങൾക്ക് കഴിയട്ടെ.നിങ്ങളുടെ ഐ.റ്റി കൂട്ടായ്മയുടെ പരിശീലന ഫലമായി വിവിധങ്ങളായ കഴിവുകളും സാങ്കേതികമികവുകളും ഡിജിറ്റൾ മാസികയുടെ രൂപത്തിൽ ആവിഷ്കരിക്കപ്പെടുമ്പോൾ തുടർന്നും ഇത്തരത്തിലുള്ള വിവരസാങ്കേതികമേഖലകളിലേക്ക് പറന്നുയരാൻ ലിറ്റിൽ കൈറ്റസ് അംഗങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ജോസഫ് ജോൺ

കഥ



# രാമു

വികൃതിയായ രാമു വൈകുന്നേരം ക്രിക്കറ്റ് കളിക്കാൻ പോയി. മടങ്ങി വന്നത് ഇടികൊണ്ട് പാടു വീണ മുഖവുമായിട്ടാണ് അതു കണ്ട് അമ്മ ചോദിച്ചു അയ്യോ രാമു എന്തു പറ്റി ? ആ ഗോപി എന്നെ ഇടിച്ചു ങേ ! ... എന്തിനാ ഞാൻ അവനെ ഔട്ട് ആക്കിയതിനാ രാമു പറഞ്ഞു. അപ്പോൾ ഇന്ന് വഴക്ക് ഉണ്ടായി അല്ലേ ? കൂട്ടുകാരോട് വഴക്കുണ്ടാക്കുന്നത് നല്ലതല്ല എന്ന് പറഞ്ഞിട്ടില്ലേ? രാമു ഒന്നും മിണ്ടിയില്ല്, അമ്മ വേഗം അകത്തു പോയി ഒരു പൊതി നിറയെ മിട്ടായിയുമായി വന്നു.എന്നിട്ട് രാമുവിനോട് പറഞ്ഞു. ഗോപുവുമായി നീ  ഇടരുത് .വഴക്കു തീർക്കാൻ നാളെ നീ  ഈ പൊതി ഗോപുവിന് കൊടുക്കണം . പിറ്റേന്ന് രാമു വന്നപ്പോൾ തലേന്ന് വന്നതിനേക്കാൾ കഷ്ടമായിരുന്നു സ്ഥിതി. എന്തു പറ്റി ? മിട്ടായി കൊടുത്ത് വഴക്ക് തീർത്തിട്ടും ഗോപി ഇടിച്ചോ ? ഗോപി ഇടിച്ചില്ല, അവന്റെ കൂട്ടുകാരാ ഇടിച്ചത്. ങേ .. അത് എന്തിനാ അമ്മ ചോദിച്ചു. മിഠായികിട്ടാൻ എളുപ്പവഴി അതാണെന്ന് ആ കൊതിയൻമാർക്ക് മനസ്സിലായി !..



ആന്റണി സണ്ണി

കവിത



## *മഴ*

*അനുഭൂതിയാണ്, വർണവും*

*വസന്തവും*



*വിരഹവും*

*വിഷാദവും*

*ചാലിച്ച പോയ*

*കാലത്തിന്റെ നേരിയ*

*ചാലിൽ നിന്ന്*

*നാളെയുടെ ആഴക്കടലിലേക്ക്*

*ഇറ്റു വീഴുന്ന*


*അനശ്വരമായ അനുഭൂതിയുടെ*

*നിലയ്ക്കാത്ത ധാര........*

ശ്രദ്ധ മരിയ സജി

## ലേഖനം

# സ്വയം നിയന്ത്രണം






ചില ആളുകൾ പറയുന്നത് കേട്ടിട്ടില്ലേ "എന്റെ നിയന്ത്രണം വിട്ടുപോയി" പിന്നെ ഞാൻ ചെയ്തത് എന്തെന്ന് ഓർക്കുന്നില്ല എന്ന്. സ്വയം നിയന്ത്രിക്കാൻ ശ്രമിച്ചിട്ട് പരാജയപ്പെട്ടുപോയ ആളുകൾ ആണ് അവർ. എല്ലാർക്കും ദേഷ്യം വരും, ചിരിവരും, കരച്ചിൽവരും, സങ്കടവും, ദുഖവും വരും. പക്ഷെ അതിരുകടന്ന് പോകാതിരിക്കാൻ ശ്രമിക്കണം.

മനസ്സിനെ നാം സ്വയം നിയന്ത്രിക്കുന്നവരാകണം, മറ്റുള്ളവരുടെ ഉപദേശം കേട്ടിട്ടോ ആന്തരിക പ്രേരണകൾക്ക് വിധേയരോ അടുത്ത നിമിഷം പ്രതികരിക്കാതെ. അപ്പോൾ ഉറച്ച് തീരുമാനങ്ങൾ ഉണ്ടാകും.

സ്വയം നിയന്ത്രണമുള്ളവനാണ് ഏറ്റവും വലിയ ശക്തനെന്ന് വായിച്ചത് ഓർമ്മവരുന്നു. അവനെ തോൽപ്പിക്കാൻ പെട്ടെന്നൊന്നും ആർക്കും കഴിയില്ല. ക്ഷമയോടെ കാത്തിരിക്കുന്നവരാണ് ഇത്തരക്കാർ. അവസരം വരുമ്പോൾ മാത്രം പ്രതികരിക്കുക. സ്വയം നിയന്ത്രണമില്ലാതിരിക്കുന്നവർ പെട്ടെന്നു പ്രതികരിക്കും. അവനെ പെട്ടെന്ന് കീഴ്പ്പെടുത്താം. ഒരു പക്ഷെ സമൂഹത്തെ ഒന്നാകെ വെറുപ്പിക്കാനും അവന് കഴിയും. സ്വയം അപകടം വിളിച്ച് വരുത്തും.


ആദർശ് സാബു



## ക്വിസ് കോർണർ

* ഇന്ത്യയുടെ ഉപരാഷ്ട്രപതിയായി രണ്ടു തവണ തെരഞ്ഞെടുക്കപ്പെട്ടത് ആരെല്ലാം ?

ഡോ .എസ് രാധാകൃഷ്ണൻ,
ഹമീദ് അൻസാരി



* ദൈവകണം എന്നു വിശേഷിപ്പിക്കപ്പെടുന്ന കണത്തിന്റെ പേര് ?

ഹിഗ്സ് ബോസോൺ

* അന്താരാഷ്ട്ര ക്രിക്കറ്റിൽ 100 സെഞ്ചുറികൾ തികച്ച് ആദ്യത്തെ ഇന്ത്യക്കാരൻ ?

സച്ചിൻ ടെൻഡുൽക്കർ

* കണ്ണുകളെ ബാധിക്കുന്ന വെള്ളെഴുത്ത് എന്ന രോഗത്തിന്റെ ശാസ്ത്രീയ നാമം ?

ഹൈപ്പർ മെട്രോപ്പിയ

* മനുഷ്യശരീരത്തിലെ ഏറ്റവും ഉറപ്പുള്ള മസ്സിൽ?

നാക്ക്

* ചവിട്ടുനാടകം എന്ന കലാ രൂപം കേരളത്തിൽ എത്തിച്ചതാര് ?

പോർച്ചുഗീസുകാർ

* ബംഗ്ലാദേശിന്റെ ദേശീയ കായികവിനോദം ?

കബഡി

* ഭൂമിയിലെ ഏറ്റവും വലിയ ദ്വീപസമൂഹം ?

ഇന്തോനേഷ്യ

* ആധുനികസിനിമയുടെ പിതാവ് ?

ഡേവിഡ് ഗ്രിഫിത്

* വെജിറ്റബിൾ ഗോൾഡ് എന്ന് അറിയപ്പെടുന്നത് എന്താണ് ?

കുങ്കുമം

* ആദ്യമായി മാറ്റിവയ്ക്കപ്പെട്ട മനുഷ്യഅവയവം ?

വൃക്ക

* ലോകത്തിലെ ഏറ്റവും നീളം കൂടിയ ബീച്ച് ?

കോക്സ് ബസാർ

*	സാഹിത്യത്തിന് നോബൽ സമ്മാനം ലഭിച്ച ഇന്ത്യൻ കവി ?

	രവീന്ദ്രനാഥ് ടാഗോർ

*	റബറിന്റെ ജന്മദേശം ?

	ബ്രസീൽ

*	മനുഷ്യശരീരത്തിലെ ഏറ്റവും വലിയ അവയവം ?

	ത്വക്ക്

*	ശാന്തിയുടെ മുഷ്യൻ' എന്ന് അറിയപ്പെടുന്ന വ്യക്തി ?

	ലാൽ ബഹദൂർ ശാസ്ത്രി

*	ലോക പുസ്തക ദിനം എന്നാണ് ?

	ഏപ്രിൽ 23

*	കേരളത്തിന്റെ ഔദ്യോഗിക പക്ഷി ?

	വേഴാമ്പൽ

*	കേരളത്തിന്റെ ഔദ്യോഗിക വൃക്ഷം ?

	തെങ്ങ്

*	ഏറ്റവും വലിയ രാജ്യം ?

	റഷ്യ

*	ഏറ്റവും വേഗത്തിൽ വളരുന്ന സസ്യം ?

	മുള

*	ഇന്ത്യൻ പാർലമെന്റിലെ ആദ്യ വനിതാ സ്പീക്കർ ?

	മീരാക്കുമാർ

*	മനുഷ്യശരീരത്തിലെ ഏറ്റവും വലിയ ഗ്രന്ഥി ?

	കരൾ

*	ഒന്നാം സ്വാതന്ത്ര സമരം നടന്നത് ?

	1857 ൽ

*	ശബ്ദം അളക്കുന്ന് യൂണിറ്റ്?

	ഡെസിബൽ

*	പ്രകാശത്തെക്കുറിച്ചുള്ള പഠനം ?

	ഓപ്റ്റിക്സ്

*	ടെലിവിഷൻ കണ്ടുപിടിച്ചതാര് ?

	ജോൺ ബെയേഡ്

* കേരളത്തിലെ ആദ്യത്തെ വന്യ ജീവി സങ്കേതം ?

പെരിയാർ സാങ്ച്വറി

* ലോഹ നിർമ്മാണത്തെക്കുറിച്ച് പഠിക്കുന്ന് ശാസ്ത്ര ശാഖ ?

മെറ്റൽർജി

* ഹൃദയത്തെക്കുറിച്ചുള്ള പഠനം ?

കാർഡിയോളജി

* ഏറ്റവും പതുക്കെ വളരുന്ന് ചെടി ?

സിയോൺ

* മനുഷ്യ ശരീരത്തെ പറ്റി പഠിക്കുന്ന ശ്സ്ത്ര ശാഖ?

അനാട്ടമി

* കേരള വാത്മീകി എന്നറിയപ്പെടുന്ന കവി ?

വള്ളത്തോൾ നാരായണ മേനോൻ

* പ്രാഥമിക നിറങ്ങൾ ?

റെഡ്, ഗ്രീൻ, ബ്ലൂ

* വിഷവാതകമുള്ള ഗ്രഹം ?

യുറാനസ്

* ഇന്ത്യയിലെ ആദ്യത്തെ ലൈബ്രറി ?

വില്യം ക്ലാരെ ലൈബ്രറി

* ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടുന്ന് വൻകര ?

ഏഷ്യ

ആൽബർട്ട് സി.ഡൊമിനിക്

## ഡിജിറ്റൽ പെയിംന്റിംഗ്





സാന്ദ്ര മാത്യു

ലേഖനം

## പരാജയങ്ങളെ ചവിട്ടുപടികളാക്കി ഉപയോഗിക്കുക





നമുക്ക് സങ്കൽപ്പിക്കാൻ ആവുന്നതിലേറെ പ്രാധാന്യമുള്ളവയാണ് പരാജയങ്ങൾ. മനുഷ്യനിൽ അന്തർലീനമായിട്ടുള്ള കഴിവുകൾ പുറത്തു കൊണ്ടുവരുന്നതിലാണ് അവയുടെ പ്രാധാന്യം കുടികൊള്ളുന്നത്. അയിരിൽ നിന്നും ശുദ്ധലോഹത്തെ ചൂട് പുറത്തുകൊണ്ടുവരുന്നതു പോലെയാണത്. വെല്ലുവിളികൾ നമ്മുടെ കഴിവിനെ പരീക്ഷിക്കുകയും ഏറ്റവും നല്ല കഴിവുകൾപുറത്തുകൊണ്ടുവരുകയും ചെയ്യുമെന്നതിനാൽ അവൻ ജീവിതത്തിൽ അത്ഭുതകരമായ നേട്ടങ്ങൾ ഉണ്ടാക്കി തരും.

മഹാന്മാരുടെ ജീവിതങ്ങൾ വിജയഗാഥകൾ മാത്രമല്ല. മിക്കവരുടെയും കാര്യത്തിൽ അവ പരാജയങ്ങളുടെ നീണ്ട ഒരു പട്ടിക തന്നെയാണ്. ഇടവിട്ട് വിജയങ്ങളും ഉണ്ടാകും.എക്കാലത്തെയും മഹത്വ്യക്തികളിൽ ഒരാളായ എബ്രഹാം ലിങ്കന്റെ കാര്യം തന്നെ എടുക്കാം. നമ്മുടെ ഭാവനയ്ക്കപ്പുറത്തുള്ള പരാജയങ്ങൾ തന്നെയായിരുന്നു മുപ്പതുകൊല്ലം അദ്ദേഹത്തെ തേടി എത്തിയിരുന്നത്. പരാജയങ്ങളെ വിജയത്തിലേക്കുള്ള ചവിട്ടുപടികളാക്കി മാറ്റാം എന്നുള്ളതിന്റെ പ്രത്യക്ഷോദാഹരണമാണ് മുൻ അമേരിക്കൻ പ്രസിഡന്റ് അബ്രഹാം ലിങ്കന്റെ ജീവിതം.

ആൽഫിയ വിൻസന്റ്

കവിത



# എന്റെ നാട്

സ്നേഹത്തിന്റെ നിറദീപം കൊളുത്തുമെൻ നാട്

കൂരിരുട്ടിൽ വെളിച്ചം നിറയ്ക്കുമെൻ നാട്

വയലുകൾ നിറമേകും എൻ സ്വപ്ന നാട്

പൊൻ പുലരിയിൽ ഉദിക്കും സൂര്യദേവന്റെ നാട്



എന്റെ നാട് !

കരുണയുടെ പാലാഴി പുഴയാണെന്റെ നാട്

സ്നേഹത്തിൻ സാഗരമല്ലോ എന്റെ നാട്

ഈശ്വരന്റെ പുണ്യഭൂമിയാണെന്റെ നാട്

അന്യന് അന്നവും ദയയും നൽകും


ഭൂമിദേവിയുടെ സ്വന്തം നാട്

സ്നേഹത്തിൻ നിറകതിർ വിരിയ്ക്കുമെൻ നാട്

മഹാബലിയുടെ കേരളം


പുണ്യനാട് എന്റെ നാട്

ക്രിസ്റ്റീന റെജിസൺ



## ലേഖനം

## വ്യതസ്തമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക



ഒരു ദാർശനിക മനോഭാവം ഉള്ള വ്യക്തിക്ക് വ്യത്യസ്തമായി ചിന്തിക്കാനും പ്രവർത്തികാനും ഉള്ള ശേഷി ഉണ്ടായിരിക്കും. മാത്രമല്ല ആ കഴിവ് വിജയം വരിക്കുന്ന കാര്യത്തിൽ അയാൾക്ക് വലിയൊരു അത്താണിയായിരിക്കും, തീർച്ച. '**ദി റോഡ് നോട്ട് ടേക്കൺ** 'എന്ന പേരിൽ അമേരിക്കൻ കവിയായ റോബർട്ട് ഫ്രോസ്റ്റ് മനോഹരമായ ഒരു കവിത എഴുതിയിട്ടുണ്ട്. അതിൽ കവി ഒരു ജംഗ്ഷനിൽ നിൽക്കുന്നതതായിട്ടാണ് നാം കാണുന്നത്. ആ കവലയിൽ, കവിക്ക് സഞ്ചരിക്കേണ്ട റോഡ് രണ്ടായി പിളർന്നിരുന്നു അതിൽ എങ്ങോട്ട് പോകണമെന്ന് ആലോചിച്ചാണ് കവി നിൽക്കുന്നത്. രണ്ടു റോഡുകളും ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്ന കവി അതിൽ ഒരെണ്ണം പുല്ലുകൾ നിറഞ്ഞതും മറ്റേത് വൃത്തിയും വെടുപ്പുമുള്ളതായി കണ്ടു. അതിൽ ഏതു റോഡാണ് സഞ്ചാരികൾ കൂടുതലായി ഉപയോഗിച്ചിരുന്നത് എന്ന് മനസ്സിലാക്കുന്നു. ഏന്തായാലും കവിക്ക് വ്യത്യസ്തമായ പദ്ധതികളാണ് ഉള്ളത്. കവിതയുടെ അവസാന ഭാഗത്ത്, കൂടുതലും ആത്മകഥാപരമായതിൽ, കവി പറയുന്നു, വളരെ കുറച്ചുമാത്രം ഉപയോഗിച്ചിട്ടുള്ള റോഡിലൂടെ പോകാൻ താൻ തീരുമാനിച്ചെന്നും അതാണ് തന്റെ ജീവിതത്തിലെ എല്ലാ വ്യത്യാസങ്ങൾക്കും ഹേതുവെന്നും അദ്ദേഹം കൂട്ടിചേർത്തു. ചില വേളകളിൽ റിസ്ക് എടുക്കാൻ നിങ്ങൾ തയ്യാറാകണം.നൂറുകണക്കിനാളുകൾ ആളുകൾ നിങ്ങളെ പിന്തിരിപ്പിക്കാൻ ഉണ്ടാകും. വഴിയിൽ പതുങ്ങി ഇരിക്കുന്ന് അപതകടങ്ങളെയും കെണികളെയും കുറിച്ച് അവർ പറയും. എന്നിൽ അനന്തരഭലത്തെയും വെല്ലുവിളികളേയും കുറിച്ച് ഭീതിയില്ലാതെ മുന്നോട്ട് പോകാനുള്ള ധൈര്യം കാണിക്കുന്നവർ തീർച്ചയായും വിജയ കിരീടം ചൂടും.

ജോയൽ ജോസഫ് ബിജു

## ഡിജിറ്റൽ പെയിംന്റിംഗ്





*സാന്ദ്ര മാത്യു*

ലേഖനം

## ജീവിതം ആധർശാധിഷ്ഠിതമായിരിക്കട്ടെ






അച്ചടക്കം ജീവിത വിജയത്തിന് അനുപേക്ഷണീയമാണെന്ന് നമ്മൾ പറയുമ്പോഴും ജീവിതം അച്ചടക്കമുള്ളതാകണമെങ്കിൽ അതു ചില ആദർശങ്ങളെ അടിസ്ഥാനപ്പെടുത്തി ആയിരിക്കണം എന്ന സത്യം പ്രസക്തമാണ്. ആദർശങ്ങളിൽ അധിഷ്ഠിതമായൊരു ജീവിതം, മനുഷ്യജീവിതത്തെ നശിപ്പിക്കുന്ന ദുശീലങ്ങൾക്ക് പിടിച്ചു കുലുക്കാൻ കഴിയുകയില്ല. ഈ ആദർശാശയങ്ങൾ പല സ്രോതസ്സുകളിൽ നിന്നും നിങ്ങൾക്ക് ലഭിക്കുന്നതാണ്. പുസ്തകങ്ങൾ, അധ്യാപകർ, സുഹൃത്തുക്കൾ എന്നിവർക്കു ഈ കാര്യത്തിൽ നിങ്ങളെ സഹായിക്കാൻ കഴിയും. തുടക്കത്തിൽ ഒരുപക്ഷേ ഒരു ആദർശത്തിൽ അടങ്ങിയിരിക്കുന്ന ആശങ്ങൾ നിങ്ങൾക്ക് മനസ്സിലാക്കാനേ ഉൾക്കൊള്ളാനേ പ്രായോഗികമാക്കാനോ കഴിയാത്തതാണെന്ന് തോന്നാം.

എന്നിരുന്നാലും ആ കാര്യത്തിനു നേരെ നിങ്ങൾ പൂർണ്ണമായും വാതിൽ കൊട്ടി അടയ്ക്കരുത്.അതുമായി ബന്ധപ്പെട്ട ആവേശകരമായ ഒരു ചിന്ത എപ്പോഴെങ്കിലും മനസ്സിനെ സ്പർശിക്കുന്നെങ്കിൽ അതേക്കുറിച്ച് വീണ്ടും വീണ്ടും ആലോചിച്ച് ആ ആശയം നിങ്ങളുടെ സ്വന്തമാക്കുക.അങ്ങനെ ഒരിക്കൽ ഒരു ആദർശാശയം സ്വന്തമായിക്കഴിഞ്ഞാൽ ഏതെങ്കിലും സ്വാർത്ഥതാത്പര്യത്തിനായി അതിനെ ബലികഴിക്കരുത്. പകരം ആദർശങ്ങളും ആശങ്ങളും ജീവിത്തിന്റെ അന്ധകാരത്തിൽ വെളിച്ചം പകരുന്ന താരകങ്ങളായി കരുതണം. സർവ്വശക്തിയും ഉപയോഗിച്ച് ആ ആദർശങ്ങളോടു ചേർന്ന് നിൽക്കണം. പിന്നെ അതിശയിക്കേണ്ട നിങ്ങളുടെ ജീവിതം സാവധാനം അച്ചടക്കത്തിലൂന്നി വിജയത്തിലേക്ക് നീങ്ങും.

മരിയ അബ്രാഹം

## ലേഖനം



## ഉത്തരവാദിത്വമുള്ള ഒരു പൗരനാകുക



ഒരു രാജ്യത്തെ ഒരു അംഗമെന്ന നിലയിൽ എല്ലാ അവകാശങ്ങളും ഉള്ള ഒരു വ്യക്തിയാണ് ഒരു പൗരനെന്ന് സാധാരണഗതിയിൽ നമ്മൾ പറയും. എന്നാൽ പൗരത്വത്തിന്റെ യതാർത്ഥ അർത്ഥം ഇതിൽനിന്നെല്ലാം വളരെ വ്യത്യസ്ഥമാണ്.

ഒരാൾ ഒരു രാജ്യത്ത് ജനിച്ചതുകൊണ്ടോ അവിടെ വോട്ട് രേഖപ്പെടുത്തിയതുകൊണ്ടോ മാത്രം ആ രാജ്യത്തെ പൗരനനാണെന്ന് പറയാനാവില്ല.രാജ്യത്തെ ജനങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി തന്നാൽ ആവുന്നതെല്ലാം ചെയ്യുന്ന ആളായിരിക്കണം ഒരു പൗരൻ.കൽക്കട്ടയിലെ മദർ തെരേസ ജന്മം കൊണ്ടൊരു ഇന്ത്യൻ പൗരനല്ലായിരുന്നു.ഇവിടെ ജനിച്ച വളർന്ന് നമ്മിൽ പലരേക്കാൾ മെച്ചപ്പെട്ട ഒരു ഇന്ത്യൻ പൗരനായിരുന്നു അവർ. നിങ്ങളുടെ പൗരത്വത്തിന്റെ ഗുണമേന്മ നിശ്ചയിക്കുന്നത് ജന്മം കൊണ്ടല്ല. പ്രവർത്തികൊണ്ടാണെന്ന് ഇത് വ്യക്തമാക്കുന്നു.

ഒരു പ്രത്യേക രാജ്യത്തിന്റെ പൗരനെന്ന നിലയിൽ ലഭിക്കുന്ന അവകാശങ്ങളേയും പരിരക്ഷകളേയും കുറിച്ച് മാത്രമാണ് നമ്മൾ പലപ്പോഴും ആലോചിക്കുന്നത്.പൗരത്വത്തിന്റെ വളരെ പ്രധാനപ്പെട്ട് ഒരു സംഗതി ഇവിടെ വിസ്മരിക്കപ്പെടുകയാണ്-കടമകളും ഉത്തരവാദിത്വങ്ങളും. പൗരത്വം തമ്മിൽ നിഷിപ്തമാകുന്നു. പൗരത്വമെന്നത് ഒരു കൂട്ടം പ്രത്യേക അവകാശങ്ങൾ മാത്രമല്ലെന്ന് നാം മനസ്സിലാക്കണം.മറുവശത്ത് അത് ഒരു കൂട്ടം കടമകളും ഉത്തരവാദിത്വങ്ങളും കൂടി ഉൾക്കൊള്ളുന്നു.

ഫ്രെഡി ബിനു

കഥ

## അനുസരണം ഏറ്റവും നല്ല ശീലം



ലെച്ചുമോളുടെ പച്ചക്കറിത്തോട്ടത്തിലെ പയർച്ചെടിയുടെ ഇലയിൽ പുള്ളിക്കാരി പൂമ്പാറ്റ മുട്ടയിട്ടു. പൂമ്പാറ്റയുടെ മുട്ടയിൽ നിന്നാണ് പുഴു ഉണ്ടാകുന്നതെന്നും ആ പുഴവാണ് വീണ്ടും പൂമ്പാറ്റയാകുന്നതെന്നും കൂട്ടുകാർക്ക് അറിയാമോ ? മുട്ട വിരിഞ്ഞ് കുഞ്ഞി പുഴുക്കൾ പയർച്ചെടിയുടെ ഇലയിലൂടെ അരിച്ചരിച്ച് നടക്കാൻ തുടങ്ങി.പൂമ്പാറ്റ എന്നും മക്കളുടെ അടുത്ത് ചെന്ന് അവരെ നോക്കി പറയും,മക്കളേ ഇലയുടെ അടിയിൽ മാത്രമേ ഇരിക്കാവൂ.അപ്പോൾ അവർ




ചോദിക്കും.അലെന്താ അമ്മേ ? പുള്ളിക്കാരി പൂമ്പാറ്റ സ്നേഹത്തോടെ അവരോട് പറയും.ഇലയുടെ മുകളിൽ ഇരുന്നാൽ അപകടമാണ്.അതുകേട്ട് പുഴുക്കൾ തലയാട്ടും. പക്ഷെ വികൃതിയായ ഒരു പുഴുക്കുട്ടൻ ചിന്തിച്ചു .ഇലയുടെ മുകളിൽ എന്തായിരിക്കും അപകടം ?ഒരു ദിവസം പൂമ്പാറ്റ പോയിക്കഴിഞ്ഞപ്പോൾ ഇലയുടെ മുകളിൽ കയറാൻ അവൻ തീരുമാനിച്ചു.മറ്റുള്ളവർ അവനെ വിലക്കി. 'അരുതേ പുഴുക്കുട്ടാ അതപകടമാണേ' പുഴുക്കുട്ടൻ അത് ശ്രദ്ധിച്ചില്ല. അവനൊരു വിടവുണ്ടാക്കി അതിലൂടെ മുകളിലേക്ക് വലിഞ്ഞു കയറി. മുകളിലെത്തിയ പുഴുക്കുട്ടൻ അത്ഭുതപ്പെട്ടുപോയി.ഉദിച്ചുയർന്നു നിൽക്കുന്ന സൂര്യൻ, എത്രയെത്ര പൂക്കൾ. ഈ നല്ല കാഴ്ചയാണോ ഇത്രയും നാളും വരം അമ്മ വിലക്കിയത്.അവന് അമ്മയോട് ദേഷ്യം തോന്നി. പെട്ടെന്നാണ് എവിടെനിന്നോ "ഠപ്പോ"എന്നോരു ശബ്ദം കേട്ടത്. ഒരു പക്ഷി പുഴുക്കുട്ടനയും കൊത്തിയെടുത്ത് പറയുരുന്നതാണ് അവന്റെ കൊച്ച് അനുജന്മാർ കണ്ടത്. കണ്ടില്ലേ കൂട്ടുകാരേ..... അമ്മയെ അനുസരിക്കാത്ത പുഴുക്കുട്ടന്റെ അന്ത്യം. നിങ്ങൾ മാതാപിതാക്കളെ അനുസരിച്ചില്ലെങ്കിൽ അതു നിങ്ങളുടെ മേൽ വലിയൊരി ശാപമായി വന്നു പതിക്കും.

അമല അന്ന സജി

ലേഖനം



## നിരീക്ഷണത്തിലൂടെ ജ്ഞാനം നേടുക




നമ്മുടെ വിജ്ഞാനത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കാൻ പര്യാപതമായ ഒരു സദ്ഗുണമാണ് നിരീക്ഷണം. നിങ്ങളുടെ പഠന കാര്യങ്ങളുമായി ബന്ധപ്പെട്ട എന്തെങ്കിലും കാണുകയാണെങ്കിൽ അതു ശ്രദ്ധിച്ച് നിരീക്ഷിച്ച് അതിലൂടെ കൂടുതൽ അറിവു നേടാൻ ശ്രമിക്കണം. പത്രം വായിക്കുമ്പോൾ, റേഡിയോ ശ്രവിക്കുമ്പോൾ, ടെലിവിഷൻ കാണുമ്പോൾ നിങ്ങളുടെ പഠനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ തിരയുക. മാസികകളിലും ന്യൂസ് പേപ്പറുകളിലും പ്രത്യക്ഷപ്പെടുന്ന പ്രയോജനപ്രദമായ ലേഖനങ്ങളും റിപ്പോർട്ടുകളും ശേഖരിച്ചുവയ്ക്കുന്ന ഒരു വിനോദം നിങ്ങൾ സ്വയം വളർത്തിയെടുക്കേണ്ടതാണ്. പ്രകൃതി അറിവിന്റെ വലിയൊരു സ്രോതസ്സാണ്. പ്രകൃതിയെ നിരീക്ഷിക്കുന്നതിലൂടെ സംഗതികളുടെ ശാസ്ത്രീയവും ആത്മീയവുമായ അർത്ഥങ്ങൾ നിങ്ങൾ മനസ്സിലാക്കി എടുക്കണം. ലോകത്തെ അറിവിന്റെ വിപുലമായ ശേഖരമാണ് പ്രകൃതി എന്നൊരു വാദമുണ്ടെന്നോർക്കുക. എല്ലാദിവസവും നമ്മൾ ആഹാരം കഴിക്കുന്നുണ്ട്, പക്ഷേ നമ്മൾ ഒരിക്കലും ആഹാരത്തെ ആഹാര പദാർത്ഥങ്ങളായി തന്നെ ശരീരത്ത് സൂക്ഷിച്ച് വയ്ക്കാറില്ല. നേരെമറിച്ച് അത് നമ്മുടെ ശരീരത്തിന്റെ ഭാഗമായി മാറുകയും നമുക്ക് നിലനിൽക്കാൻ ആവശ്യമായ ഊർജ്ജം നൽകുകയും ചെയ്യുന്നു. മനുഷ്യ മനസ്സിന്റെ ആഹാരമായിട്ടാണ് അറിവിനെ കാണുന്നത്. അത് നമ്മുടെ മനസ്സിനെ ശക്തവും ഊർജ്ജസ്വലവും ആക്കുന്നു. നമ്മൾ തേടുന്നതായ ആശയങ്ങളും അറിവും കേവലം ആശയങ്ങളായി നമ്മിൽ തന്നെ നിലകൊള്ളാൻ ഇടയാക്കരുത്. ജീവിതത്തിൽ വാസ്തവികമായ ചില മാറ്റങ്ങൾ കൊണ്ടുവരാൻ അവ ഉപയുക്തമാക്കേണ്ടതാണ്.

സൂര്യനന്ദ സാബു



## ചിന്തിക്കാൻ.......

സൂര്യനാവാൻ കഴിഞ്ഞില്ലെങ്കിലും ഒരു മെഴുക‌ു തിരി

എങ്കിലും ആവ‌ുക......

സ്വയം ഉരുകിത്തീരാൻ മറ്റുള്ളവർക്ക്

പ്രകാശമാകാൻ...........



ബെസ്റ്റി സ്റ്റെല്ലാ സാബു

## പ്രളയകെടുതിയിൽ പെട്ടുപോയ കേരളം













manoramaonline

## നന്ദിയുടെ ഒരു വാക്ക്

പൂമൊട്ടുകളേ പൂർണ്ണതയിലെത്തിക്കുവാൻ പ്രകൃതി കരുതിവയ്ക്കുന്ന ഹിമകണങ്ങൾക്കും ഇളം കാറ്റിനും ആ പൂച്ചെടി എന്നും നന്ദിയുള്ളവളായിരിക്കും. നന്ദി സൂചകമായി ഒരു മനോഹര പുഷ്പം വിരിയിച്ച് അത് പ്രകൃതിക്ക് സൗന്ദര്യമേകുന്നു. അതുപോലെ ഞങ്ങളിലെ ചെറുസാഹിത്യരചനകളായ പൂമൊട്ടുകളെ വിരിയിക്കാൻ ഹിമകണങ്ങളും ഇളം കാറ്റുമായ ഈ നൽഅവസരങ്ങളെ കരുതിവച്ച് ഞങ്ങൾക്ക് സഹായമേകിയ ഏവർക്കും ലിറ്റിൽ കൈറ്റ്സ് SXHSS യൂണിറ്റിലെ പൂമ്പാറ്റകൾ നൽകുന്നു, നന്ദിയുടെ നറുമലരുകൾ.....

